# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാരാകുറിശ്ശി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: നം. കെ.എസ്.എ (പികെഡി ) പി 12-1478/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 13/10/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാരാകുറിശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം. കെ.എസ്.എ (പികെഡി ) പി 12-1478/23 തീയ്യതി: 13/10/2023

## പാലക്കാട് ജില്ലയിലെ കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-12-2022 മുതൽ 20-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാം മനോഹർ വി കെ | ഡെപ്യൂട്ടി ഡയറക്ടർ | 21-07-2023 | 31-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-07-2023 | 31-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ബിജു ആന്റണി യു, ഓഡിറ്റ് ഓഫീസർ
2. രാജിഷ ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
3. ഷഹീർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. കന്തസ്വാമി ഐ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. എ പ്രേമലത | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. സുഭാഷ് പി ബി | സെക്രട്ടറി | 01-04-2022 | 19-07-2022 |
| ശ്രീമതി. രാഗിണി എ ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-07-2022 | 18-08-2022 |
| ശ്രീ. സുഭാഷ് പി ബി | സെക്രട്ടറി | 19-08-2022 | 09-10-2022 |
| ശ്രീമതി. രാഗിണി എ ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-10-2022 | 19-10-2022 |
| ശ്രീമതി. ലസിത കെ എസ് | സെക്രട്ടറി | 20-10-2022 | 19-03-2023 |
| ശ്രീമതി. രാഗിണി എ ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-03-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രാഗിണി എ ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. സുഹിന ഇ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-12-2022 |
| ശ്രീമതി. കണ്ണമ്മ യു ആർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-01-2023 | 31-03-2023 |
| ഡോ. രേഷ്മ | വെറ്ററിനറി സർജൻ | 01-04-2022 | 20-11-2022 |
| ഡോ. വിനീഷ് ബാബു | വെറ്ററിനറി സർജൻ | 21-11-2022 | 08-02-2023 |
| ഡോ. ജയകൃഷ്ണൻ | വെറ്ററിനറി സർജൻ | 09-02-2023 | 31-03-2023 |
| ഡോ. നെൽസൺ തോമസ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. സ്വരൂപ് കെ എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 12-05-2022 |
| ഡോ പ്രതിഭ വിദ്യാധരൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 13-05-2022 | 31-03-2023 |
| ഡോ. അസ്മാബി എം എ | മെഡിക്കൽ ഓഫീസർ, | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ആയുർവേദം | | |
| ശ്രീമതി. മൈമൂന സി | ഹെഡ് മിസ്റ്റസ് | 01-04-2022 | 31-05-2022 |
| ശ്രീമതി. വിലാസിനി ടി | ഹെഡ് മിസ്റ്റസ് | 01-06-2022 | 31-03-2023 |
| ശ്രീമതി. ധന്യ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി. സുനിത പി | കൃഷി ഓഫീസർ | 01-04-2022 | 31-07-2022 |
| ശ്രീമതി. ശാന്തി എലിസബത്ത് കുര്യൻ | കൃഷി ഓഫീസർ | 01-08-2022 | 31-03-2023 |
| ശ്രീ. സുജി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 26-05-2022 |
| ശ്രീമതി. അമറുന്നീസ | അസിസ്റ്റന്റ് എഞ്ചിനീയർ | 27-05-2022 | 23-07-2022 |
| ശ്രീമതി. അന്ന ശകുന്തള കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 24-07-2022 | 23-11-2022 |
| ശ്രീ. ജയകുമാർ കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 24-11-2022 | 31-03-2023 |
| ശ്രീമതി. സരിത ടി എം | വി.ഇ.ഒ. | 01-04-2022 | 07-02-2023 |
| ശ്രീമതി. അമ്പിളി വി | വി.ഇ.ഒ. | 08-02-2023 | 10-02-2023 |
| ശ്രീമതി സജിത കുമാരി | വി.ഇ.ഒ. | 11-02-2023 | 11-02-2023 |
| ശ്രീ. പീറ്റർ സി ജി | വി.ഇ.ഒ. | 12-02-2023 | 31-03-2023 |
| ശ്രീ. രാജേഷ് എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 06-02-2023 |
| ശ്രീ. ദേവദാസ് സി ആർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 07-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. | 1-1-3 |
| 5 | വസ്തു നികുതി തൻവർഷം റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-6 |
| 8 | ഡിപ്രീസിയേഷൻ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-1-7 |
| 9 | Prior Period-വിശദാംശം ലഭ്യമല്ല | 1-1-8 |
| 10 | ധനകാര്യകമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട കണക്കുകൾ വാർഷിക ധനകാര്യപത്രിക, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല | 1-1-10 |
| 12 | പൂർത്തീകരിക്കാത്ത ഡെപ്പോസിറ്റ് പ്രവൃത്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം അവലോകനം | 1-11 |
| 23 | ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി വരവ്-അവലോകനം | 1-12 |

| | | |
|---|---|---|
| 24 | FTEAOS ലൈസൻസ്-അപാകങ്ങൾ | 1-13 |
| 25 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. | 1-13-1 |
| 26 | ലൈസൻസ് ഫീസ് ഈടാക്കിയത് ക്രമപ്രകാരമല്ല | 1-13-2 |
| 27 | സ്ഥല പരിശോധന നടത്താതെ ലൈസൻസ് അനുവദിക്കുന്നു | 1-13-3 |
| 28 | ലൈവ്സ്റ്റോക്ക് ഫാമുകൾ- അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-13-4 |
| 29 | യന്ത്രസാമഗ്രിയോ, നിർമ്മാണ യന്ത്രമോ സ്ഥാപിക്കുന്നതിന് ഫീസ് ചുമത്തുന്നില്ല | 1-13-5 |
| 30 | തൊഴിൽ നികുതി-സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവിലില്ല | 1-14 |
| 31 | വാടക - അപാകതകൾ | 1-15 |
| 32 | ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതികൾ- സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനസഹായം നൽകി | 1-16 |
| 33 | യുവജനക്ലബ്ബുകളുടെ ഏകോപനസമിതിയുടെ അംഗീകാരം ലഭ്യമായതിന്റെ വിവരങ്ങൾ ലഭ്യമായില്ല. | 1-17 |
| 34 | ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതികൾ- എസ്.എസ്.എ വിഹിതം | 1-18 |
| 35 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നത് തുടരുന്നു | 1-19 |
| 36 | വീട് വാസയോഗ്യമാക്കൽ പദ്ധതി - അപാകങ്ങൾ | 1-20 |
| 37 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-21 |
| 38 | ഹരിത കർമ്മസേനയുടെ പ്രവർത്തനം - അവലോകനം | 1-22 |
| 39 | കോക്ലിയർ ഇംപ്ലാന്റേഷൻ - സാമൂഹ്യ സുരക്ഷ മിഷന് തുക കൈമാറൽ - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-23 |
| 40 | ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു | 1-24 |
| 41 | നിർവഹണ ഉദ്യോഗസ്ഥർക്ക് അഡ്വാൻസ് തുക നൽകിയത് ക്രമീകരിച്ച വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ് | 1-25 |
| 42 | കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ വിവരം മോണിറ്ററിംങ്ങ് വിവരങ്ങൾ ലഭ്യമല്ല | 1-26 |
| 43 | പദ്ധതി നിർവഹണം, രൂപീകരണം, മോണിറ്ററിംങ്ങ് - ചെലവുകൾ സുലേഖാ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. | 1-27 |
| 44 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനം - 14 ാം പദ്ധതി സബ്സിഡി മാർഗ്ഗ രേഖക്കനുസൃതമല്ലാതെ തുക ചെലവഴിച്ചിരിക്കുന്നു | 1-28 |
| 45 | ഗാർബേജ് ആപ്പ്-ഹരിത കർമ്മസേനക്ക് സ്മാർട്ട്ഫോണും ലാപ്പ്ടോപ്പും | 1-29 |

| | | |
|---|---|---|
| | വാങ്ങൽ-ചെലവു രേഖകൾ ലഭ്യമാക്കിയിട്ടില്ല | |
| 46 | തെരുവുവിളക്ക പരിപാലനം- ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-30 |
| 47 | എം.സി.എഫി ലേക്ക് ബെയ്‌ലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ -സംബന്ധിച്ച് | 1-31 |
| 48 | തെരുവു വിളക്ക് അറ്റകുറ്റപണി - AMC നൽകൽ- നിർവഹണത്തിലെ അപാകതകൾ | 1-32 |
| 49 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-33 |
| 50 | റിവൈസ്ഡ് എസ്റ്റിമേറ്റ് നിർമിച്ചപ്പോൾ അവശ്യ ഇനങ്ങൾ ഒഴിവാക്കി പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നു. | 1-34 |
| 51 | പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല.ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കിയിട്ടുണ്ട്. | 1-35 |
| 52 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല. തുക ഈടാക്കേണ്ടതാണ്. | 1-36 |
| 53 | ഇ-ടെൻണ്ടർ ഫീസ് ഇനത്തിൽ തനത് ഫണ്ടിൽ വരവ് ഉണ്ടാകുന്നില്ല. | 1-37 |
| 54 | റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ജി.എസ്.ടി നിരക്ക് ഉയർത്തി നൽകിയിരിക്കുന്നു. അധികം നൽകിയ തുക തിരിച്ചടയ്ക്കേണ്ടതാണ്. | 1-38 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ജി.എസ്.ടി നിരക്ക് ഉയർത്തി രേഖപ്പെടുത്തി അധികം തുക നൽകിയിരിക്കുന്നു. തുക തിരിച്ച് പിടിക്കേണ്ടതാണ്. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.23 തിയതിയിലെ 2(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 01.07.23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തീയതി: 13.10.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല
ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 97,68,558/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 94,94,364/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-4 വസ്തു നികുതി തൻവർഷം റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും, വാർഷിക കണക്കിലെ തുകകളും , ഫിനാൻസ് മോഡ്യൂൾ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-5 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

കുടിശ്ശിക തുകയ്ക്ക് ആനുപാതികമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-6 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-7 ഡിപ്രീസിയേഷൻ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

വിവിധ ആസ്തികളുടെ ഡിപ്രീസിയേഷൻ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

1-1-8 Prior Period-വിശദാംശം ലഭ്യമല്ല

Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി

ലഭ്യമാക്കിയിട്ടില്ല. ഐ -19 ഷെഡ്യൂൾ പ്രകാരം Prior Period Income ആയി അക്കൗണ്ട് ചെയ്ത തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

1-1-9 ധനകാര്യകമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട കണക്കുകൾ വാർഷിക ധനകാര്യപത്രിക, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല.

ധനകാര്യകമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട കണക്കുകൾ ബാലൻസ് ഷീറ്റ് B4 പ്രകാരമുള്ള തുകയും B17 പ്രകാരമുള്ള നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല.

B4

CFC Grant – Basic Tax Grant- 4774517

CFC Grant – Performance Grant- 7576592

CFC Grant – Tied Fund- 1729717

Total- 14080826

B17

Canara CFC PFMS- 5508101003348

Balance- 12369925

Difference- 1710901

1-1-10 ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രുവൽ ചെയ്യുന്നില്ല

01/04/2022 ൽ ILGMS സോഫ്റ്റ്‌വെയർ ആരംഭിച്ചതിന ശേഷം പഞ്ചായത്ത് ഫണ്ടിൽ നിന്ന് നേരിട്ട് നടത്തുന്ന ചെലവുകൾ(ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പിൻവലിക്കലുകൾ) അക്രുവൽ ആയിട്ടാണ് അക്കൗണ്ട് ചെയ്യുന്നത്. 2022-23 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999-Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രുവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷം 1,9096,398/- രൂപ ടി ശീർഷകത്തിലേക്ക് അക്രുവൽ ചെയ്യുകയും മുഴവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ഇനം തിരിച്ച് തന്നെ ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും മേൽപറഞ്ഞ ഒരു ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്.

1-1-11 പൂർത്തീകരിക്കാത്ത ഡെപ്പോസിറ്റ് പ്രവൃത്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ, ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി വയ്ക്കൽ എന്നീ പ്രവൃത്തികൾ നടപ്പാക്കുന്നതിനായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, തച്ചമ്പാറ ഇലക്ട്രിക്കൽ സെക്ഷൻ, കേരള ഇലക്ട്രിക്കൽ ആന്റ് അലൈൻഡ് എൻജിനിയറിംങ്ങ് കോ-ലിമിറ്റഡ്, മലപ്പുറം എന്നീ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി താഴെ പറയുന്ന തുകകൾ കൈമാറിയിട്ടുണ്ട്. എന്നാൽ മേൽ തുകകൾ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | ബിൽ തുക | പ്രൊജക്ട് അടങ്കൽ | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|---|
| 1 | 66/23പുതിയ തെരുവുവിളക്ക സ്ഥാപിക്കൽ | 199968 | 200000 | Kerala Electricaland Allied Engineering,Malappuram |
| 2 | 297/23മുഞ്ഞകണ്ണി കോളനിയിൽ തെരുവ് വിളക്ക സ്ഥാപിക്കൽ | 149910 | 150000 | Kerala Electricaland Allied Engineering,Malappuram |
| 3 | 245/23കിണറുംപടി ഗോതമ്പ് റോഡ് പോസ്റ്റ് മാറ്റി വയ്ക്കൽ | 40001 | 40500 | KSEB, THACHAMPARA |

1-2 ബജറ്റ്

സ.ഉ (സാധാ) നം. 3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ', 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 175, 214 എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.

23.03.2022ന് ചേർന്ന യോഗത്തിലെ തീരുമാനം 1 പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് റിവൈസ് ചെയ്തിട്ടില്ല.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 47577877 |
| തൻവർഷം വരവ് | 248131000 |
| ആകെ വരവ് | 295708877 |
| ചെലവ് | 292463100 |
| നീക്കിയിരിപ്പ് | 3245777 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹25067026 |
| വരവ് | ₹41719113 |
| ആകെ | ₹66786139 |
| ചെലവ് | ₹31950555 |
| നീക്കിയിരിപ്പ് | ₹34835584 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 22388000 | 22388000 | 16349005 | 6038995 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 10405000 | 10405000 | 8829234 | 1575766 |
| മെയിന്റനൻസ്, റോഡ് | 0 | 15413000 | 15413000 | 10992453 | 4420547 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4848000 | 4848000 | 2137152 | 2710848 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Basic Grant (Bank) | 1017915 | 4000684 | 5018599 | 244082 | 4774517 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Basic Grant (Treasury) | 0 | 107369 | 107369 | 0 | 107369 (ലാപ്സായി) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied (Bank) | 5255093 | 5579000 | 10834093 | 3257501 | 7576592 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied (Treasury) | 0 | 3538759 | 3538759 | 107483 | 3431276 (ലാപ്സായി) |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | TSC | 720037 | 0 | 720037 | 180000 | 540037 |
| | ICDS | 1592823 | 1604914 | 3197737 | 318527 | 2879210 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| BEST PANCHAYATH AWARD FROM STATE GOVERNMENT-DISTRICT LEVEL | 100389 | 0 | 100389 | 0 | 100389 |
| Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs | 0 | 268341 | 268341 | 0 | 268341 |
| Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | 0 | 136927 | 136927 | 0 | 136927 |

1-5 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 235 | 110677257 | 161 | 52665669 | 0 | 74 | 68.51 |

ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 3832806 | 11 | 2722496 | 71.03 |
| വെറ്ററിനറി സർജൻ | 9 | 3845000 | 9 | 1674290 | 43.54 |
| മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി | 9 | 2988053 | 7 | 2143092 | 71.72 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 2911160 | 6 | 2656054 | 91.24 |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 4 | 1320000 | 4 | 1320000 | 100 |
| വി.ഇ.ഒ | 19 | 29853128 | 14 | 10814090 | 36.22 |
| ICDS സൂപ്പർ വൈസർ | 9 | 6589400 | 5 | 4091402 | 62.09 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 750000 | 1 | 750000 | 100 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 37 | 11410764 | 23 | 6726162 | 58.95 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 122 | 44211946 | 77 | 18952457 | 42.87 |
| ഹെഡ് മാസ്റ്റർ | 6 | 1120000 | 4 | 815626 | 72.82 |
| ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1845000 | 0 | 0 | 0 |
| ആകെ | 235 | 110677257 | 161 | 52665669 | 47.58 |

അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ് -അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3784 | 1443923 | 1447707 | 1441426 | 6281 |
| എം.എൻ.ആർ.ഇ.ജി.എസ് -തൊഴിലാളികളുടെ വേതനം | 0 | 43600156 | 43600156 | 43600156 | 0 |
| ആകെ | 3784 | 45044079 | 45047863 | 45041582 | 6281 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 3053800 | 289 |
| 2 | വാർദ്ധക്യകാല പെൻഷൻ | 19752000 | 2055 |
| 3 | വികലാംഗ പെൻഷൻ | 3726200 | 344 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 968800 | 91 |
| 5 | വിധവാ പെൻഷൻ | 11928400 | 1138 |
| 6 | തൊഴിലില്ലായ്മ വേതനം | 2880 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.07.2023 തിയ്യതിയിൽ ഉച്ചക്ക് ശേഷം 3.00 ന് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,255/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പ് വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2022-23 സാമ്പത്തിക വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ 48 ശതമാനത്തിൽ താഴെ മാത്രം ചെലവഴിക്കാനാണ് സാധിച്ചിട്ടുള്ളത്. ഗ്രാന്റിനത്തിലുള്ള ₹58011588 ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ സാഹചര്യത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

02.04.2009 മുതൽ 18.04.2009 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2004-05 മുതൽ 2008-09 വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 20.01.2023 തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ ഡിസംബർ 2022 ലെ കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും മുൻ റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടില്ല. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

1-11 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം അവലോകനം

കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനുട്ട്സ് പരിശോധനയിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയത്തിനകം സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടുള്ളതായി മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല. മാസംതോറും ഉള്ള വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയിൽ ചർച്ചചെയ്ത് അംഗീകരിച്ചുവരുന്നുണ്ട്.
നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നിലവിൽ നടത്തി വരുന്നില്ല.

1-12 ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി വരവ്-അവലോകനം

22.03.2023ലെ ജി.ഒ.(എം.എസ്)നം. 77/2023 എൽ.എസ്.ജി.ഡി ഉത്തരവിലെ നിർദ്ദേശ പ്രകാരം 01.04.2023 പ്രാബല്യത്തിൽ പരിഷ്കരിച്ച വസ്തു നികുതി നിരക്കുകൾ അംഗീകരിക്കുകയും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷനോ ഡാറ്റാ പ്യൂരിഫിക്കേഷനോ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്. സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടപടി പൂർത്തീകരിക്കാത്തതിനാൽ നിലവിലെ നിരക്കിൽ നികുതി ഈടാക്കി വരുന്നു. വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023നു മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ നിയമിച്ച് ഫീൽഡ് പരിശോധന പൂർത്തിയാക്കണമെന്ന് പറയുന്നുവെങ്കിലും ഫീൽഡ് പരിശോധന തുടങ്ങിയിട്ടില്ല. പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ) നിലവിൽ ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത ഭരണ സമിതിപരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

1-13 FTEAOS ലൈസൻസ്-അപാകങ്ങൾ

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ക്രമപ്രകാരമാണോ എന്ന് പരിശോധിക്കുന്നതിനായി ലൈസൻസിനായുള്ള അപേക്ഷകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ തുടർ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-13-1 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും

ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ഫീ ഡിമാന്റ് കൃത്യത ഉറപ്പാക്കുന്നതിന് ഫീൽഡ് വെരിഫിക്കേഷൻ നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതുമാണ്.

1-13-2 ലൈസൻസ് ഫീസ് ഈടാക്കിയത് ക്രമപ്രകാരമല്ല

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസ് അനുവദിച്ച് നൽകിയ അപേക്ഷകൾ പരിശോധിച്ചതിൽ, അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയതായി കാണുന്നില്ല. ലൈസൻസ് അനുവദിക്കൽ ചട്ട പ്രകാരം സ്ഥാപനത്തിന്റെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. ഇവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. ചട്ട പ്രകാരം ലൈസൻസ് ഫീ ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-13-3 സ്ഥല പരിശോധന നടത്താതെ ലൈസൻസ് അനുവദിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 5 (എ) പ്രകാരം ലൈസൻസിനുള്ള അപേക്ഷ ലഭിച്ചാൽ സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷയും എല്ലാ അനുബന്ധ രേഖകളും പ്രസ്തുത സ്ഥലത്തുവച്ച് പരിശോധിക്കേണ്ടതും ആവശ്യമായ അനുബന്ധ രേഖകൾ, ഏതെങ്കിലും അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ലാത്ത പക്ഷം, സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, സമർപ്പിക്കാൻ വിട്ടു പോയ രേഖയേതെങ്കിലുമുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം, ഉടൻ തന്നെ അപേക്ഷകനെ അറിയിക്കേണ്ടതും, അപ്രകാരമുള്ള രേഖകൾ എത്രയും വേഗം, എന്നാൽ അപേക്ഷ ലഭിച്ച തീയതി മുതൽ മൂന്നു ദിവസം കഴിയുന്നതിനു മുൻപായി സമർപ്പിക്കുവാൻ അപേക്ഷകനെ അനുവദിക്കേണ്ടതും അപേക്ഷ കൈപ്പറ്റിയ തീയതി മുതൽ ഏഴ് ദിവസങ്ങൾക്കുള്ളിൽ അപേക്ഷിച്ചിട്ടുള്ള ലൈസൻസ് നൽകേണ്ടതുമാണ്. എന്നാൽ നിലവിൽ സ്ഥല പരിശോധന നടത്താതെയാണ് ലൈസൻസ് അനുവദിക്കുന്നത്. ചട്ട പ്രകാരമുള്ള പരിശോധന നടത്തി മാത്രം ലൈസൻസ് അനുവദിക്കാൻ ഗ്രാമപഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-13-4 ലൈവ്സ്റ്റോക്ക് ഫാമുകൾ- അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈവ് സ്റ്റോക്ക് ഫാം അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം ഒരു ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുവാനോ അതിനുവേണ്ടിയുള്ള കെട്ടിടമോ ഷെഡ്ഡോ നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്ന ഏതൊരാളും ഈ ആവശ്യത്തിലേക്ക് ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കു വേണ്ടി ഫാറം 1-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും അപേക്ഷയിൽ, ഫാമിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ ഇനങ്ങളും എണ്ണവും, ഈ ആവശ്യത്തിലേയ്ക്ക് ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം, നിർമ്മിച്ചതോ നിർമ്മിക്കാനുദ്ദേശിക്കുന്നതോ ആയ കെട്ടിടത്തിന്റെ അഥവാ ഷെഡ്ഡിന്റെ വിവരണം (തറ വിസ്തീർണ്ണം ഉൾപ്പെടെ), ഉദ്ദേശിക്കുന്ന മാലിന്യനിർമ്മാർജ്ജന ക്രമീകരണങ്ങൾ, ചുറ്റുവട്ടത്തുള്ള ജനവാസത്തെപ്പറ്റിയുള്ള വിവരണം എന്നീ കാര്യങ്ങൾ ഉണ്ടായിരിക്കേണ്ടതും കെട്ടിടങ്ങളുടെയും ഷെഡ്ഡുകളുടെയും പ്ലാനും സ്ഥലത്തിന്റെ സ്കെച്ചും ഉള്ളടക്കം ചെയ്യേണ്ടതുമാണ്. അപേക്ഷ കിട്ടി മുപ്പതുദിവസം അവസാനിക്കുന്നതിനുമുമ്പ് അപേക്ഷയിൻമേൽ സെക്രട്ടറി അനുമതി നൽകുകയോ നിഷേധിക്കുകയോ ചെയ്യേണ്ടതും അനുമതി നൽകിക്കൊണ്ടോ നിഷേധിച്ചുകൊണ്ടോ ഉള്ള ഉത്തരവ്

രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതും അതിനുശേഷം ആദ്യം ചേരുന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ മുമ്പാകെ വിശദാംശങ്ങൾ സഹിതം അവതരിപ്പിക്കേണ്ടതുമാണ്. ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുന്നതിന് 6-ാം ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുള്ള ഏതൊരാളും, ഇതിലേക്കാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയശേഷം ഫാം നടത്തുന്നതിനുള്ള ലൈസൻസിനായി ഫാറം 2-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും സെക്രട്ടറി ആവശ്യമായ അന്വേഷണം നടത്തി നിബന്ധനകൾ അപേക്ഷകൻ പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് തനിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, അപേക്ഷിച്ച പ്രകാരം, ഫാറം 3-ൽ ലൈസൻസ് നൽകുകയോ കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട് രേഖാമൂലം അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ ചട്ടപ്രകാരമുള്ള മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ലൈസൻസ് അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്.
ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടേയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം പരിശോധന നടത്തിയതായി കാണുന്നില്ല. ചട്ട വ്യവസ്ഥകൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-13-5 യന്ത്രസാമഗ്രിയോ, നിർമ്മാണ യന്ത്രമോ സ്ഥാപിക്കുന്നതിന് ഫീസ് ചുമത്തുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ യന്ത്രങ്ങളുടെ തുടർനടത്തിപ്പിനു തുക ഈടാക്കിയിട്ടില്ല. തുക ഈടാക്കാത്ത ഏതാനും സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|
| 1 | ഫാത്തിമ സോമിൽ | 35 HP | 400 |
| 2 | സ്റ്റാർ ബ്രിക്സ് | 25 HP | 300 |
| 3 | നിഹാൻ വെൽഡിംഗ് വർക്സ് | 17 HP | 200 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/31.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ചട്ട പ്രകാരം അർഹമായ ഫീസ് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-14 തൊഴിൽ നികുതി-സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവിലില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും ആകെ 60 ദിവസത്തിൽ കുറയാതെ ആ പ്രദേശത്ത് താമസിച്ചുകൊണ്ട് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയാളുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. തൊഴിൽ നികുതിയുടെ

റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് നിലവിലില്ല എന്ന് കാണുന്നു. 1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 205 ഐ , 1994 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 18(2) എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ (ഫോറം 5) സൂക്ഷിച്ചിട്ടില്ല. തൻമൂലം തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽനിന്നും സ്ഥാപനങ്ങളിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടോ എന്നത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് കഴിഞ്ഞിട്ടില്ല. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 28/31.07.2023)

## 1-15 വാടക - അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### വാടക ബൈലോ തയ്യാറാക്കിയിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ, ഹാൾ എന്നിവ വാടകയ്ക്ക് നൽകുന്നുണ്ടെങ്കിലും ആയതിന്റെ നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങിയിട്ടില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ, ഹാൾ എന്നിവ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച വാടക ബൈലോ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### വാടക തുക – വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റൂം നമ്പർ 11/455, 11/456, 11/457 എന്നിവ പ്രതിമാസം 1300 രൂപ നിരക്കിൽ പോസ്റ്റ് ഓഫീസിന് വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 2016-17 മുതൽ വാടകയിൽ വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല. 01.05.2018 മുതൽ വാടക 3750/- രൂപ നിശ്ചയിച്ച് പോസ്റ്റ് ഓഫീസ് സൂപ്രണ്ടുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും കരാർ പ്രകാരമുള്ള വാടക ഇതുവരെയും ഈടാക്കാൻ തുടങ്ങിയിട്ടില്ല. കരാർ പ്രകാരമുള്ള വാടക കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ നിന്നും വാടക ഈടാക്കാത്തത് സംബന്ധിച്ച് .

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം മാനേജർ, കേരഫെഡ്, കൊപ്ര ഡ്രൈയർ യൂണിറ്റ് നടത്തുന്നതിനായി പ്രതിമാസം 15,000/- രൂപ നിരക്കിൽ വാടകയ്ക്ക് നൽകിയിരുന്നത് ഭരണസമിതിയുടെ 21.10.2016 ലെ 10(1) നമ്പർ തീരുമാനം പ്രകാരം വാടകയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മേൽ കെട്ടിടത്തിനെ വാടകയിൽ നിന്നും ഒഴിവാക്കിയതിനുള്ള കാരണം, കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി എന്നിവ അറിയിക്കേണ്ടതാണ്.

### ഗ്രാമപഞ്ചായത്തുമായി വാടക കരാറിൽ ഏർപ്പെട്ടിട്ടില്ല

കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ൽ വാടകക്കാരുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ഇത്തരം കരാറിൽ ഏർപ്പെടാതെയാണ് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിട്ടുള്ളത്. ചട്ടവ്യവസ്ഥകൾ പാലിച്ച് മാത്രം പഞ്ചായത്ത് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26/31.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതികൾ- സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനസഹായം നൽകി

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 92/23,<br>രജിസ്റ്റേർഡ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം. |
| അടങ്കൽ | 50,000/- (പൊതു വിഭാഗം) |
| ചെലവ് | 48,476/- (ബിൽ നമ്പർ- SO 412/17.03.2023) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവൺമെന്റെ എൽ.പി.സ്കൂൾ |

മേൽ പദ്ധതി നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനസഹായം നൽകിയിരിക്കുന്നു.
സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ POLO Sports, Mancheri എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ഇൻവോയ്സ് നം. AG653, Dated 13.03.2023 പ്രകാരം താഴെ പറയുന്ന ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ട്.

| S.No | Item | Quantity | Amount |
|---|---|---|---|
| 1 | BALL NIVIA SHINING STAR | 15 PCS | 15000 |
| 2 | NET F/B SS ALL DOUBLE | 3 PCS | 6600 |
| 3 | VOLLY BALL NIVIA SUPER SYNTHETIC | 6 PCS | 4254 |
| 4 | BALL KAIZEN AMAZER SIZE 3 | 1 PCS | 550 |
| 5 | STUMP WIAT WOOD MCC | 12 PCS | 1439 |
| 6 | KEEPING GLOVE SURYA ROYAL | 3 PCS | 1920 |
| 7 | C BAT BDM HAMMER TENNIS S COOP | 5 PCS | 9500 |
| 8 | NET VOL/NYLON VIXEN TOURN AMENT 314 | 2 PCS | 5152 |
| 9 | C BAT MATRIX SCOOP CANE H ANDIL | 1 PCS | 1200 |
| 10 | O TENNIS BALL VICKY HEAVY M AROON | 5 PCS | 400 |
| 11 | BOOT ULTIMET FUTURE 4 | 1 PCS | 820 |
| 12 | BOOT ULTIMET FUTURE 5 | 1 PCS | 820 |
| 13 | BOOT ULTIMET FUTURE 6 | 1 PCS | 820 |
| | | | 48476 |

സ.ഉ(കൈ)നം.115/2022/തസ്വഭവ തിയതി 28-05-2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ 7.7.2 (1,2) പ്രകാരം രജിസ്റ്റേർഡ് യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് ഒരു ക്ലബിന് 6000 രൂപയിലധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ നൽകാവുന്നതാണ്. ഹാജരാക്കിയ രേഖകൾ പ്രകാരം താഴെ പറയുന്ന അഞ്ച് ക്ലബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ നൽകിയിട്ടുണ്ട്.

1.ഉദയ ആർട്സ് & സ്പോർട്സ് ക്ലബ്

2.തണൽ റീക്രിയേഷൻ ക്ലബ്

3.പുലരി ആർട്സ് & സ്പോർട്സ് ക്ലബ്

4.വാനിയോൻസ് ആർട്സ് & സ്പോർട്സ് ക്ലബ്

5.എയിംസ് കലാകായികവേദി

എന്നാൽ ഇവർക്ക് എന്തെല്ലാം ഉപകരണങ്ങൾ നൽകി എന്നതും എത്ര രൂപയുള്ള ഉപകരണങ്ങൾ നൽകി എന്നതിന്റെയും വിവരങ്ങൾ ഫയലിൽ ഇല്ല. അഞ്ച് ക്ലബുകൾക്ക് നൽകാവുന്നത് പരമാവധി 30,000/- രൂപയുള്ള ഉപകരണങ്ങൾ മാത്രമാണ്. എന്നാൽ മേൽ ക്ലബുകൾക്ക് 48,476/- രൂപയുള്ള ഉപകരണങ്ങൾ

നൽകിയിട്ടുണ്ട്. അംഗീകരിക്കപ്പെട്ട പ്രോജക്ട് രേഖ പ്രകാരം 10 ക്ലബ്ബുകൾക്ക് 5000 രൂപ വീതത്തിൽ കവിയാത്ത തുകയ്ക്കുള്ള സഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത് 28.05.22 ലെ സർക്കാർ ഉത്തരവിന് വിധേയമായിട്ടിരുന്നു. എന്നാൽ സാധനങ്ങൾ വാങ്ങി നൽകുമ്പോൾ 10 ക്ലബ്ബുകൾക്ക് പകരം 5 എണ്ണത്തിനാണ് നൽകിയിട്ടുള്ളത്. ഇപ്രകാരം ചെയ്തത് കാരണം സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ 18,476/- രൂപയുടെ സാധനങ്ങൾ 5 ക്ലബ്ബുകൾക്കായി അധികം നൽകാൻ ഇടയായി.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/31.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 യുവജനക്ലബ്ബുകളുടെ ഏകോപനസമിതിയുടെ അംഗീകാരം ലഭ്യമായതിന്റെ വിവരങ്ങൾ ലഭ്യമായില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 92/23, രജിസ്റ്റേർഡ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം. |
| അടങ്കൽ | 50,000/- (പൊതു വിഭാഗം) |
| ചെലവ് | 48,476/- (ബിൽ നമ്പർ- SO 412/17.03.2023) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവൺമെന്റ് എൽ.പി.സ്കൂൾ |

സ.ഉ(കൈ)നം.115/2022/തസ്വഭവ തിയതി 28-05-2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ 7.7.2 (1,2) പ്രകാരം രജിസ്റ്റേർഡ് യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുമ്പോൾ ഒരു ക്ലബിന് 6000 രൂപയിലധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ നൽകാം. നൽകേണ്ട സ്പോർട്സ് ഉപകരണങ്ങളുടെ ഇനം ഏകോപനസമിതി നിശ്ചയിക്കണം. എന്നാൽ ഇത്തരം ഏകോപനസമിതി രൂപീകരിച്ചതിന്റേയും സ്പോർട്സ് ഉപകരണങ്ങളുടെ ആവശ്യകത നിശ്ചയിച്ചതിന്റെയും വിവരങ്ങൾ ലഭ്യമായില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/31.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-18 ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതികൾ- എസ്.എസ്.എ വിഹിതം

| | |
|---|---|
| പ്രൊജക്ട് നമ്പർ | 90/23, എസ്.എസ്.എ വിഹിതം |
| അടങ്കൽ | 6,50,000/-) (പൊതു വിഭാഗം) |
| ചെലവ് | 6,50,000/- (ബിൽ നമ്പർ- SO 70/26.09.2022) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവൺമെന്റ് എൽ.പി.സ്കൂൾ |

മേൽ തുക നൽകിയതിന് എസ്.എസ്.കെ യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്.

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.8.6 (3) പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതതു തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ

സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗസർട്ടിഫിക്കറ്റ് (Utilisation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണം. പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥി/വിദ്യാർത്ഥിനികളുടെ സർഗാത്മകശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മക പ്രോജക്റ്റുകൾ എസ് .എസ്.കെ, വിദ്യാഭ്യാസവകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പുവരുത്തിയതിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

മേൽ വിവരങ്ങൾ അടങ്ങിയ സമഗ്രമായ റിപ്പോർട്ട് , ആരോഗ്യം വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തിൽ എസ്.എസ്. കെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്തതിന്റെ വിവരങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല. ഇവ ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/31.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-19 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നത് തുടരുന്നു

സ.ഉ(എം.എസ്) നം.97/2020/ധന തീ.23.09.2020 ലെ ഖ.സി(15) പ്രകാരം സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള സാമൂഹ്യക്ഷേമപെൻഷൻ തുകയ്ക്ക് അവകാശികൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ 2022-23 ലെ ഡെത്ത് രജിസ്ട്രേഷൻ സമയത്ത് പഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന ആകസ്മികമായി പരിശോധന നടത്തിയപ്പോൾ ചില ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അവരുടെ മരണ ശേഷവും പെൻഷൻ നൽകുന്നതായി കണ്ടെത്തി. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. കാരാകുറിശ്ശി പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുകയും എന്നാൽ നിലവിലും ഇവിടെ നിന്ന് പെൻഷൻ അനുവദിക്കുകയും ചെയ്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര്/ ആധാർ നമ്പർ | പെൻഷന്റെ തരം/പെൻഷൻ ഐ ഡി | മരണപ്പെട്ട തിയതി | നിലവിലെ സ്റ്റാറ്റസ് | ഡിബിറ്റി വിതരണം സംബന്ധിച്ച വിവരങ്ങൾക്ക് |
|---|---|---|---|---|---|
| 1 | ഫൈസൽ കെ / 528918113418 | വികലാംഗ പെൻഷൻ/ 108340400386 | 17.09.2022 | ആക്റ്റീവ് | മരണ ശേഷമുള്ള 04/2023 ലെ പെൻഷൻ തുകയായ 1600 രൂപ സഹകരണബാങ്കിന് കൈമാറിയിട്ടുണ്ട്. |
| 2 | ഹംസ സി പി/ 292066191535 | വാർദ്ധക്യ കാല പെൻഷൻ/ 108340200307 | 12.09.2022 | ആക്റ്റീവ് | മരണ ശേഷമുള്ള 10/2022, 11/2022 എന്നീ മാസങ്ങളിലെ പെൻഷൻ തുകയായ 3200 കൈപ്പറ്റിയതായും 04/2023 ലെ പെൻഷൻ തുകയായ 1600 രൂപ സഹകരണബാങ്കിന് കൈമാറിയതായും കാണുന്നു. |
| 3 | അയ്യപ്പൻ / 729025669415 | വാർദ്ധക്യ കാല പെൻഷൻ/ 108340201744 | 12.11.2022 | ആക്റ്റീവ് | മരണ ശേഷമുള്ള 12/2023, 04/2023 എന്നീ മാസങ്ങളിലെ പെൻഷൻ തുകയായ 8000 രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 4 | ഉമ്മാത്തുമ്മ / 321219368187 | കർഷക തൊഴിലാളി പെൻഷൻ/ 108340100044 | 25.09.2022 | ആക്റ്റീവ് | മരണ ശേഷമുള്ള 04/2023 ലെ പെൻഷൻ തുകയായ 1600 രൂപ സഹകരണബാങ്കിന് കൈമാറിയിട്ടുണ്ട്. |
| 5 | കുഞ്ഞു എ / 675858255968 | വാർദ്ധക്യ കാല പെൻഷൻ / 108340201051 | 23.10.2022 | ആക്റ്റീവ് | മരണ ശേഷമുള്ള 11/2022 To 04/2023 എന്നീ മാസങ്ങളിലെ പെൻഷൻ തുകയായ 9600 രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. |
| 6 | മൊയ്തീൻകുട്ടി/ 772072042750 | കർഷക തൊഴിലാളി പെൻഷൻ/ 2220324748 | 30.06.2022 | ആക്റ്റീവ് | മരണ ശേഷമുള്ള 07/2023 To 04/2023 എന്നീ മാസങ്ങളിലെ പെൻഷൻ തുകയായ 16000 രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. |

മരണം രജിസ്റ്റർ ചെയ്തശേഷവും സേവന മുഖേനയുള്ള ഇവരുടെ പെൻഷൻ നിർത്തലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

2. പെൻഷൻ സസ്പെൻസ് ചെയ്തെങ്കിലും ഏതാനും കാലയളവിൽ തുക കൈപ്പറ്റി.

പഞ്ചായത്ത് നിലവിൽ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടെങ്കിലും മരണപ്പെട്ട തീയതിയ്ക്ക് ശേഷം അനർഹമായി പെൻഷൻ നൽകിയ കാലയളവിലെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു. ടി തുകകൾ തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

| ക്രമ നം. | പെൻഷനറുടെ പേര്/ ആധാർ നമ്പർ | പെൻഷന്റെ തരം/പെൻഷൻ ഐ ഡി | മരണപ്പെട്ട തിയതി | നിലവിലെ സ്റ്റാറ്റസ് | ഡിബിറ്റി വിതരണം സംബന്ധിച്ച വിവരങ്ങൾക്ക് |
|---|---|---|---|---|---|
| 1 | അഗസ്റ്റിൻ / 721702273481 | വാർദ്ധക്യ കാല പെൻഷൻ/ 108340200196 | 26.09.2022 | സസ്പെന്റ് | മരണ ശേഷമുള്ള 10/2022 To 03/2023 മാസങ്ങളിലെ പെൻഷൻ തുകയായ 9600 രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. |

3. മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ വാങ്ങുന്നവരുടെ വിവരം.

മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ക്ഷേമപെൻഷൻ വാങ്ങികൊണ്ടിരിക്കുകയും എന്നാൽ കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുകയും ചെയ്ത ഏതാനും ഗുണഭോക്താക്കളുടെ പെൻഷൻ അക്കൌണ്ട് നിലവിൽ ആക്റ്റീവ് ആയി തുടരുന്നതായി കാണുന്നു.

| ക്രമ നം. | പെൻഷനറുടെ പേര്/ ആധാർ നമ്പർ | പെൻഷന്റെ തരം/പെൻഷൻ ഐ ഡി | മരണപ്പെട്ട തിയതി | നിലവിലെ അവസ്ഥ | ഡിബിറ്റി വിതരണം സംബന്ധിച്ച വിവരങ്ങൾക്ക് | പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന പ്രാദേശിക സർക്കാർ |
|---|---|---|---|---|---|---|
| 1 | സുബ്രഹ്മണ്യൻ / 298494603487 | വാർദ്ധക്യ കാല പെൻഷൻ/ 106990202545 | 08.07.2022 | ആക്റ്റീവ് | മരണ ശേഷമുള്ള 08/2022 To 12/2022 എന്നീ മാസങ്ങളിലെ പെൻഷൻ തുകയായ 8000 കൈപ്പറ്റിയതായും | കോങ്ങാട് ഗ്രാമപഞ്ചായത്ത് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 04/2023 ലെ പെൻഷൻ തുകയായ 1600 രൂപ സഹകരണബാങ്കിന് കൈമാറിയതായും കാണുന്നു. | |

ധനകാര്യ (എസ്.എഫ്.സി .ബി) വകുപ്പിന്റെ 02.08.2021 ലെ സർക്കുലർ നം.63/2021/ധന പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കാത്തതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ടെന്നും പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാരിന്റെ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പഞ്ചായത്തിലെ സെക്രട്ടറി അടുത്ത മാസം 10 -ാം തീയതിക്കുള്ളിൽ ടി സ്ഥാപനത്തെ അറിയിക്കേണ്ടതും അനർഹരായ ഗുണഭോക്താക്കളെ സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടികൾ ബന്ധപ്പെട്ട സെക്രട്ടറിമാർ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചതായി കാണുന്നില്ല. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/29.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. ധനകാര്യ വകുപ്പിന്റെ 02.08.2021 ലെ സർക്കുലർ നം. 63/2021/ധന പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2. പ്രത്യേക ഓഫീസ് ഓർഡർ മുഖാന്തിരം മരണ രജിസ്ട്രേഷൻ സെക്ഷനിൽ നിന്ന് യഥാസമയം സാമൂഹ്യക്ഷേമപെൻഷൻ സെക്ഷനിലേയ്ക്ക് ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ മരണവിവരം വീഴ്ച കൂടാതെ അറിയിക്കുന്നതിനുള്ള സംവിധാനം ഒരുക്കാൻ സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്.

3. മരണപ്പെട്ട ഗുണഭോക്താക്കളെ നടപടിക്രമങ്ങൾ പാലിച്ച് സേവന സോഫ്റ്റ്‌വെയറിൽ നിന്നും ഒഴിവാക്കേണ്ടതും, അനർഹമായി കൈപ്പറ്റിയ തുക സർക്കാരിലേയ്ക്ക് തിരിച്ചടക്കാൻ ആവശ്യപ്പെട്ട് ബാങ്ക് അധികൃതർക്ക് കത്ത് നൽകുകയും ചെയ്യേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 വീട് വാസയോഗ്യമാക്കൽ പദ്ധതി - അപാകങ്ങൾ

| പ്രൊജക്ട് നം., പേര് | 113/23, വീട് വാസയോഗ്യമാക്കൽ - പൊതു വിഭാഗം | 114/22, വീട് വാസയോഗ്യമാക്കൽ - എസ് സി പി |
|---|---|---|
| അടങ്കൽ | 1600000/- രൂപ (തനത് ഫണ്ട്) | 1410000/- രൂപ (വികസന ഫണ്ട് - എസ് സി പി) |
| ചെലവ് | 1500000/- രൂപ | 1410000/- രൂപ |
| നിർവഹണം | വി ഇ ഓ | |

മേൽ പദ്ധതികൾ പ്രകാരം 60 ജനറൽ ഗുണഭോക്താക്കൾക്കും 19 എസ് സി ഗുണഭോക്താക്കൾക്കും വീട് വാസയോഗ്യമാക്കലിനായി ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ (28.05.2022 ലെ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ) ഖണ്ഡിക 6.7(4) പ്രകാരം വീട് വാസയോഗ്യമാക്കലിനായി ജനറൽ ഗുണഭോക്താവായ ഒരാൾക്ക് ധനസഹായമായി പരമാവധി 100000 രൂപയും എസ് സി ഗുണഭോക്താവായ ഒരാൾക്ക് പരമാവധി 150000 രൂപയും വകയിരുത്താവുന്നതാണ്. എന്നാൽ വീട്

വാസയോഗ്യമാക്കൽ - പൊതു വിഭാഗം പദ്ധതി പ്രകാരം ഒരാൾക്ക് 25000 രൂപയും വീട് വാസയോഗ്യമാക്കൽ - എസ് സി പി പദ്ധതി പ്രകാരം ഒരാൾക്ക് 50000 രൂപയും മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഇതുമൂലം അസി. എഞ്ചിനീയർ/ഓവർസിയർ നൽകിയിട്ടുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള മുഴുവൻ തുകയും ഗുണഭോക്താകൾക്ക് നൽകാൻ സാധിച്ചിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| 113/23, വീട് വാസയോഗ്യമാക്കൽ - പൊതു വിഭാഗം | | | | | |
|---|---|---|---|---|---|
| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കെട്ടിട നം. | റഫ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക | പദ്ധതി പ്രകാരം നൽകിയ തുക |
| 1 | ശാന്തകുമാരി, കുളത്തിങ്കൽ | 1/56 | 50000 | 28500 | 25000 |
| 2 | ഷൗക്കത്തലി, വെള്ളാഞ്ചേരി | 1/510 | 70000 | 30000 | 25000 |
| 3 | നാരായണൻ, ആറ്റക്കര | 2/317 | 70000 | 28500 | 25000 |
| 4 | പാത്തുട്ടി, ഇളയത്തറ | 2/8 | 70000 | 30000 | 25000 |
| 114/22, വീട് വാസയോഗ്യമാക്കൽ - എസ് സി പി | | | | | |
| 1 | കുഞ്ഞി, കുണ്ടകണ്ടം വീട് | 3/286 | 75000 | 65000 | 50000 |
| 2 | ബിന്ദു, വഴപ്പിനി വീട് | 4/287 | 75000 | 75000 | 50000 |
| 3 | തങ്ക, പുതുക്കുടിച്ചോല | 8/416 | 75000 | 68000 | 50000 |
| 4 | കുഞ്ഞുക്കുട്ടൻ, ക്ലമൻകാട് | 11/583 | 70000 | 60000 | 50000 |

2. സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധന സഹായത്തിന് അർഹതയുള്ളൂ. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് വീടിന്റെ കാലപ്പഴക്കം 8 വർഷം കഴിയാതെ തന്നെ ടി ആനുകൂല്യം നൽകിയതായി കാണുന്നു.

| ക്രമ നം. | പ്രൊജക്ട് നം., പേര് | ഗുണഭോക്താവിന്റെ പേര് (കെട്ടിട നം.) | ലഭിച്ച തുക | സർട്ടിഫിക്കറ്റ് പ്രകാരമുള്ള കാലപ്പഴക്കം |
|---|---|---|---|---|
| 1 | 114/22, വീട് വാസയോഗ്യമാക്കൽ - എസ് സി പി | കുഞ്ഞുക്കുട്ടൻ, ക്ലമൻകാട് (കെട്ടിട നം. 11/583) | 50000 | ഫയൽ നം. 5083401/61 /2023/25.01.2023 പ്രകാരമുള്ള കാലപ്പഴക്കം 7 വർഷം |

3. പ്രൊജക്ട് നം. 112/23 – 'ആശ്രയ പദ്ധതി വീട് വാസയോഗ്യമാക്കൽ' പദ്ധതി പ്രകാരം 3 ഗുണഭോക്താക്കൾക്ക് 50000 രൂപ ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ സബ്സിഡി-ധനസഹായ മാർഗ്ഗരേഖ പ്രകാരം ഓവർസിയർ/എഞ്ചിനീയർ മൂല്യ നിർണ്ണയം നടത്തിയതായി കാണുന്നില്ല.

4. പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.04.2022 ലെ സ.ഉ(കൈ)നം. 84/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/25.07.2023) ഭരണ സമിതി നിശ്ചയിച്ച

പ്രകാരമുള്ള സബ്സിഡിയാണ് നൽകിയതെന്നും, കുഞ്ഞുകുട്ടൻ കൂമൻകാട് (കെട്ടിട നം. 11/583) എന്നവരുടെ കെട്ടിടത്തിന് പഞ്ചായത്തിൽ നിന്നും നമ്പർ അനുവദിച്ചത് വൈകിയാണെന്നും ഗുണഭോക്താവിന് ആനുകൂല്യം നിഷേധിക്കപ്പെടരുതെന്ന ഉദ്ദേശത്തിലാണ് ധനസഹായം നൽകിയതെന്നും, മറ്റ് രേഖകൾ സൂക്ഷിക്കുന്നതാണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1) സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 1.4 പ്രകാരം സേവന-സാമൂഹിക-ക്ഷേമ മേഖലകളിലെ ഉന്നമനത്തിനായി ഒരു വ്യക്തിയോ/കുടുംബമോ ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനത്തെ സഹായിക്കുകയാണ് ധനസഹായം ലഭ്യമാക്കുന്നതുകൊണ്ട് ലക്ഷ്യമിടുന്നത്. ആയതിനാൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താകൾക്ക് മുഴുവൻ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനാവശ്യമായ തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2) പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രം പദ്ധതി പ്രകാരമുള്ള ധനസഹായം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

3) വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ഓവർസിയർ/എഞ്ചിനീയർ മൂല്യ നിർണ്ണയം നടത്തിയതിനു ശേഷം മാത്രം ധനസഹായം ലഭ്യമാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

4) പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് മേണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 1-21 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ്

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത എസ് സി ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു. സ.ഉ. (എം.എസ്) 362/2013 ത.സ്വ.ഭ.വ തീയതി 16.11.2013 ലെ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കുമെന്നും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കരാറിൽ ഏർപ്പെടണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക 4 പ്രകാരം കരാർ ചമച്ച് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും, ഖണ്ഡിക 7 ൽ പ്രവൃത്തി നിർവ്വഹിക്കാത്ത പക്ഷം 12% പലിശ സഹിതം കൈപ്പറ്റിയ തുക തിരിച്ചടവാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 03/25.07.2023) നൽകിയ മറുപടി പട്ടികയിലെ റിമാർക്സ് കോളത്തിൽ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | കൈപ്പറ്റാൻ ബാക്കി നിൽക്കുന്ന തുക | അവസാനം തുക കൈപ്പറ്റിയ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | രാധ, W/o പ്രശാന്തൻ, കൂമൻകാട്ടിൽ (ജനറൽ) | 40000 | 360000 | 29.09.2022 | ലൈഫ് പദ്ധതി പ്രകാരം വീടിന് അർഹതയില്ലാത്തതിനാൽ ടിയാൻ മുഴുവൻ തുകയും 2 ഗഡുക്കളായി പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് മുഖേന തിരിച്ചടച്ചിട്ടുണ്ടെന്നും ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് |

| | | | | | |
|---|---|---|---|---|---|
| | | | | | ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |
| 2 | റംല W/o അലി, പാണക്കാടൻ (ജനറൽ) | 360000 | 40000 | 20.07.2022 | ടിയാളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചതാണെന്നും അവസാന ഗഡു നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| 3 | പ്രസീജ W/o രവികുമാർ, മുണ്ടംപോക്കിൽ (എസ് സി) | 340000 | 60000 | 20.07.2022 | വീടിന്റെ വാർപ്പ് പണിയും മറ്റ് അനുബന്ധ പ്രവൃത്തികളും പൂർത്തീകരിക്കുന്ന മുറയ്ക്ക് അവസാന ഗഡു നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| 4 | ശ്രീജ, മാത്തിൽപറമ്പിൽ (എസ് സി) | 200000 | 200000 | 30.07.2022 | ടിയാൾക്ക് ഹൃദ്രോഗ സംബന്ധമായ അസുഖങ്ങൾ മൂലം ഭവന നിർമ്മാണത്തിൽ പുരോഗതി ഉണ്ടാക്കാനായിട്ടില്ലെന്നും പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് എൻ ജി ഓകൾ, മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവരെയുൾപ്പെടുത്തി സഹായം സ്വീകരിച്ച് ഭവന നിർമ്മാണം ത്വരിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| 5 | ഉഷ, വെട്ടികല്ലടി, കുണ്ട്കാട് (എസ് സി) | 200000 | 200000 | 06.10.2022 | വീടിന്റെ ലിന്റൽ വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വീട് പണിപൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കി ഗഡുകൾ നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |

ഓഡിറ്റ് നിർദ്ദേശം

1) ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഭവന നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് ബാക്കി നൽകുവാനുള്ള തുക അനുവദിക്കേണ്ടതാണ്.

3) രാധ, W/o പ്രശാന്തൻ, കുമൻകാട്ടിൽ (ജനറൽ) എന്നവർ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചിട്ടുള്ള 40000 രൂപയുടെ സാംഖ്യ രസീതുകളുടെ പകർപ്പ്, ടി തുക വികസന ഫണ്ടിലേക്ക് തിരികെ ഒടുക്ക് വരുത്തിയതിന്റെ ട്രഷറി ചെലാൻ പകർപ്പ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-22 ഹരിത കർമ്മസേനയുടെ പ്രവർത്തനം - അവലോകനം

15.07.2017 ലെ സ.ഉ(സാധാ)നം.2420/17/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും 02.08.2020 ലെ സ.ഉ(സാധാ)നം.1496/2020/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. കാരാകുറിശ്ശി

ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) ഹരിതകർമ്മസേനയുടെ രൂപീകരണം

ഗ്രാമപഞ്ചായത്ത് പ്രദേശം മാലിന്യമുക്തമാക്കുന്നതിനായി ഹരിതകർമ്മസേനയുടെ നേതൃത്വത്തിലുള്ള ശുചിത്വ പരിപാലന പ്രവർത്തനങ്ങൾ 2018 ജൂൺ മാസത്തിലാണ് ആരംഭിച്ചത്. നിലവിൽ അഞ്ച് ക്ലസ്റ്ററുകളിലായി 30 ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യ പരിപാലന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്തു വരുന്നു.

2) യൂസർഫീ ഈടാക്കൽ

കാരാകുറുശ്ശി ഗ്രാമപഞ്ചായത്തിൽ ആകെ 16 വാർഡുകളാണുള്ളത്. പഞ്ചായത്ത് പരിധിയിൽ സഞ്ചയയിലെ വിവരങ്ങൾ പ്രകാരം 8549 വീടുകളും 1550 ഓളം കടമുറികളുമുണ്ട്. നിലവിൽ യൂസർഫീയായി വീടുകളിൽനിന്ന് 50/- രൂപയും കടകളിൽനിന്ന് 100/- രൂപയുമാണ് ഈടാക്കുന്നത്. വേതനം, ഹരിതകർമ്മസേനയുടെ മറ്റുചെലവുകൾ എന്നിവക്കായി ഇത് ഉപയോഗിക്കുന്നു.

തൻവർഷം യൂസർ ഫീസിനത്തിൽ 1354610 രൂപ വരവുണ്ട്. ഇതിൽ 1237370 രൂപ ഹരിതകർമ്മസേനാംഗങ്ങളുടെ വേതനമായി നൽകിയിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനായി പഞ്ചായത്ത് പരിധിയിലെ എല്ലാ ഗുണഭോക്താക്കളിൽ നിന്നും യൂസർ ഫീ ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

3) വയബിലിറ്റി ഗ്യാപ്പ് ഫണ്ട്

തൻവർഷം വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിച്ചിട്ടില്ല.

4) മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)

പഞ്ചായത്തിൽ 11ാം വാർഡിലുള്ള അരപ്പാറയിൽ MCF പ്രവർത്തിച്ച് വരുന്നു. വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച അജൈവമാലിന്യങ്ങൾ പഞ്ചായത്തിലെ 5 സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മിനി MCF ൽ എത്തിച്ച് താൽക്കാലികമായി സൂക്ഷിക്കുകയും പിന്നീട് MCF ലേക്ക് മാറ്റുകയുമാണ് ചെയ്യുന്നത്. ജലലഭ്യത, വൈദ്യുതീകരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ MCF ൽ സജ്ജമാക്കിയിട്ടുണ്ട്. തൻവർഷം പ്ലാസ്റ്റിക്ക് മാലിന്യസംസ്കരണത്തിനായി ബൈലിംഗ് യൂണിറ്റ് MCF ൽ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ പ്രവർത്തന സജ്ജമായിട്ടില്ല. ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടില്ല.

5) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

ഗ്രാമപഞ്ചായത്തിൽ ആർ.ആർ.എഫ് സ്ഥാപിച്ചിട്ടില്ല. എം.സി.എഫിൽ മാലിന്യങ്ങൾ തരംതിരിച്ച് ക്ലീൻകേരളയ്ക്ക് കൈമാറുകയാണ് ചെയ്യുന്നത്.

6) ഹരിത സഹായ സ്ഥാപനം

തൻവർഷം പ്രൊജക്ട് നം. 117/23 – 'ഹരിത സഹായ സ്ഥാപനത്തിന് തുക കൈമാറൽ' പ്രകാരം ഐ ആർ ടി സിയെ 29.06.2022 മുതൽ ഒരു വർഷത്തേക്ക് ഹരിത സഹായ സ്ഥാപനമായി തെരഞ്ഞെടുത്തിട്ടുണ്ട്.

7) ക്ളീൻ കേരള കമ്പനി

29.07.2020 ലെ സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും, വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ക്ളീൻ കേരള കമ്പനിയുമായി എഗ്രിമെന്റിലേർപ്പെട്ടിട്ടുണ്ട്.

8) ഹരിതകർമ്മസേനയുടെ ആവശ്യത്തിനായി തൻവർഷം നടപ്പിലാക്കിയ പദ്ധതികൾ

| ക്രമ നം. | പ്രൊജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 24/23 – എം സി എഫിലേക്ക് വെയിംഗ് മെഷീൻ വാങ്ങൽ (സ്പിൽ ഓവർ) | 50000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | 14800 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| 2 | 57/23 – ഗാർബേജ് ആപ്പ് - ഹരിത കർമ്മസേനയ്ക്ക് സ്മാർട്ട് ഫോണും ലാപ്പ്ടോപ്പും വാങ്ങലും അനുബന്ധ | 62000 രൂപ (തനത് ഫണ്ട്) | 14769 രൂപ (തനത് ഫണ്ട്) |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങളും (സ്പിൽ ഓവർ) | | |
| 3 | 117/23 – ഹരിത സഹായ സ്ഥാപനത്തിന് തുക കൈമാറൽ (സ്പിൽ ഓവർ) | 368000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | 168000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| 4 | 214/23 – ഹരിത കർമ്മസേനാംഗങ്ങൾക്ക് സുരക്ഷ ഉപകരണങ്ങൾ വാങ്ങലും അനുബന്ധ സൗകര്യമൊരുക്കലും | 100000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | 43216 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| 5 | 234/23 – എം സി എഫിലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങൽ | 520000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | 520000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| 6 | 241/23 – ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ | 53749 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | 53749 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| 7 | 300/23 – കസ്റ്റമർ എൻറോൾമെന്റ് - കുടുംബശ്രീക്ക് തുക നൽകൽ | 100000 രൂപ (തനത് ഫണ്ട്) | 99900 രൂപ (തനത് ഫണ്ട്) |

9) 'ഹരിത മിത്രം' ഗാർബേജ് മോണിറ്ററിംഗ് ആപ്പ്

മാലിന്യ ശേഖരണം, സംസ്കരണം എന്നിവ ഡിജിറ്റലൈസ് ചെയ്യുന്നതിനായുള്ള 'ഹരിത മിത്രം' ഗാർബേജ് മോണിറ്ററിംഗ് ആപ്പിന്റെ പ്രവർത്തനത്തിനായി പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ക്യൂ ആർ കോഡ് സ്റ്റിക്കറുകൾ കുടുംബശ്രീ മുഖേന പതിപ്പിച്ചിട്ടുണ്ട്. ഗാർബേജ് ആപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

10) ഹരിതകർമ്മസേനയുടെ കൺസോർഷ്യ അക്കൗണ്ടിലെ നീക്കിയിരിപ്പ്

ഹരിതകർമ്മസേനയുടെ 5508101003821 നമ്പർ അക്കൗണ്ടിൽ (കാനറാ ബാങ്ക്) 31.03.2023 ന് 214919 രൂപ നീക്കിയിരിപ്പുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്.

2. എം.സി.എഫിൽ സ്ഥാപ്പിച്ചിട്ടുള്ള ബെയിലിംഗ് മെഷീൻ പ്രവർത്തന സജ്ജമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ വരവ് വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്. മൂന്ന് തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4. എം.സി.എഫിൽ നിന്നും തരംതിരിച്ച് മാറ്റുന്ന അജൈവ മാലിന്യങ്ങൾ സ്ഥിരമായി നീക്കം ചെയ്യുന്നതിനുള്ള കോ-ഓർഡിനേഷൻ ശക്തമാക്കേണ്ടതാണ്.

5. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്പാദിപ്പിക്കുന്ന കമ്പോസ്റ്റ്, സ്ലറി എന്നിവ കാർഷികാവശ്യത്തിന് നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

6. മാലിന്യ ശേഖരണം, സംസ്കരണം എന്നിവ ഡിജിറ്റലൈസ് ചെയ്യുന്നതിനായുള്ള 'ഹരിത മിത്രം' ഗാർബേജ് മോണിറ്ററിംഗ് ആപ്പിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

7. 29.06.2022 ലെ കരാർ വ്യവസ്ഥകൾ പ്രകാരം ഹരിത സഹായ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

8. മാലിന്യ സംസ്ക്കരണ മേഖലയിൽ വി.ഇ.ഓ/മറ്റ് ഉദ്യോഗസ്ഥന്മാർ എന്നിവർ സർക്കാർ ഉത്തരവനുസരിച്ചുള്ള ചുമതലകൾ നിറവേറ്റുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 കോക്ലിയർ ഇംപ്ലാന്റേഷൻ - സാമൂഹ്യ സുരക്ഷ മിഷന് തുക കൈമാറൽ - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നം., പേര് | 110/23, കോക്ലിയർ ഇംപ്ലാന്റേഷൻ - സാമൂഹ്യ സുരക്ഷ മിഷന് തുക കൈമാറൽ |
| അടങ്കൽ | 100000 രൂപ (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 1. ബിൽ നം. 04/22-23/22.09.2022, 50000 രൂപ<br>2. ബിൽ നം. 16/22-23/27.03.2023, 50000 രൂപ |
| നിർവഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

മേൽ പദ്ധതി പ്രകാരം ഒരു കുട്ടിക്ക് 50000 രൂപ നിരക്കിൽ ഇർഫാൻ എം (D/o റംല എം, മുണ്ടംപള്ളിയാലിൽ), ഫാത്തിമത്ത് സഫ കെ (D/o അബ്ദുൾ കരീം കെ, പള്ളിക്കുറുപ്പ്) എന്നീ രണ്ട് കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ അനന്തര സഹായം ലഭ്യമാക്കുന്നതിനായി നിർവഹണ ഏജൻസിയായ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ അക്കൗണ്ടിലേക്ക് (നം. 70101140000134) 100000 രൂപ മാറി നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/27.07.2023) തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. കോക്ലിയർ ഇംപ്ലാന്റേഷൻ അനന്തര സഹായം വിനിയോഗിച്ചതിന്റെ വിശദാംശങ്ങളടങ്ങിയ സാക്ഷ്യപത്രം കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

2. പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-24 ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു

അങ്കണവാടി അനുപൂരക പോഷകാഹാരം പദ്ധതികൾ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള 25 അങ്കണവാടികളിലേക്കുള്ള അമൃതം ന്യൂട്രിമിക്സ്/ആരോഗ്യമിക്സ് അമൃതം ഫുഡ്, തച്ചമ്പാറ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ഇൻവോയ്സ് പ്രകാരം അമൃതം ന്യൂട്രിമിക്സ്/ആരോഗ്യമിക്സിനായി 5% ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് നൽകുന്നത്. എന്നാൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ചില ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം., പേര് | ബിൽ/ചെക്ക് നം./തീയതി | ഇൻവോയ്സ് നം./തീയതി | ജി.എസ്.ടി ഉൾപ്പെടാത്ത തുക (രൂപയിൽ) |
|---|---|---|---|
| 10/23, | ചെക്ക് നം. | 183/20.01.2023 | 31785 |

| | | | |
|---|---|---|---|
| അങ്കണവാടി അനുപൂരക പോഷകാഹാരം (ജനറൽ) | 2658848/25.03.2023 | 182/17.01.2023 | 129780 |
| | ബിൽ നം. 14/22-23 /27.03.2023 | 171/14.12.2022 | 129640 |
| | | 173/14.12.2022 | 15050 |
| | | 178/21.12.2022 | 31785 |
| 11/23, അങ്കണവാടി അനുപൂരക പോഷകാഹാരം (എസ്.സി.പി) | ബിൽ നം. 17/22-23 /31.03.2023 | 186/22.03.2023 | 112560 |
| | | 184/13.02.2023 | 31590 |
| ആകെ | | | 482190 രൂപ |

അക്കൗണ്ട് നമ്പർ - 40376111000283, കേരള ഗ്രാമീൺ ബാങ്ക്

GST IN - 32AAXFA6272H3Z4

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.2019 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി ഡി എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം. ഡി.എ1/87/2019/തസ്വഭവ തീയതി 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലേയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി ഡി എസ് ഈടാക്കിയിട്ടില്ല. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 08/27.07.2023) തുടർന്ന് വരുന്ന ബില്ലുകളിൽ ജി എസ് ടി - ടി ഡി എസ് ഈടാക്കി അടക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ വീഴ്ച വരുത്തിയാൽ പിഴ ഒടുക്കുവാൻ ഉദ്യോഗസ്ഥൻ ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും സപ്ലെയർ ജി.എസ്.ടി തുക അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-25 നിർവഹണ ഉദ്യോഗസ്ഥർക്ക് അഡ്വാൻസ് തുക നൽകിയത് ക്രമീകരിച്ച വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്

2022-23 വർഷം കാരാകുറിശ്ശി ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ട് ചെലവു പരിശോധന നടത്തിയതിൽ പഞ്ചായത്ത് പരിധിയിലുള്ള വിവിധ നിർവഹണ ഉദ്യോഗസ്ഥർക്ക് അവരവരുടെ സ്ഥാപനങ്ങളിലെ കണ്ടിജന്റ് ചെലവുകൾക്കായി അഡ്വാൻസായി ഗ്രാമപഞ്ചായത്ത് തനതുഫണ്ടിൽ നിന്ന് തുക നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നം, തിയ്യതി | അഡ്വാൻസ് തുക | ചെലവഴിച്ച തുക | ബാലൻസ് | നിർവഹണ ഉദ്യോഗസ്ഥർ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 76/28.04.22 | 70000 | 67953 | 2047 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 2 | 82/28.04.22 | 25000 | 17728 | 7272 | എ.ഇ, LSGD |
| 3 | 52/13.06.22 | 175000 | 143469 | 31531 | MO, FHC |
| 4 | 60/22.06.22<br>53/23.12.22 | 30000<br>15000 | 44689 | 311 | MO, ആയുർവേദം |
| 5 | 64/29.09.22<br>51/23.12.22 | 15000<br>100000 | 47513 | 67487 | വെറ്റിനറി സർജൻ |

മേൽപറഞ്ഞ തുകകൾ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ക്രമീകരിക്കാൻ ബാലൻസ് നിൽക്കുന്നു. ആയത് വർഷാവർഷം ക്രമീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ വിവരം മോണിറ്ററിംങ്ങ് വിവരങ്ങൾ ലഭ്യമല്ല

പ്രോജക്ട് നം 78/22

അടങ്കൽ -625000 (12500 ഗ്രാമപഞ്ചായത്ത് സബ്സിഡി) , 12500-ഗുണഭോക്തൃവിഹിതം വീതം 25 ഗുണഭോക്താക്കൾക്ക് )

ചെലവ് - വികസനഫണ്ട് 312500/- ഗ്രാമ പഞ്ചായത്ത് വിഹിതം (ബിൽ നം 1/05.12.2022)

ഗുണഭോക്തൃവിഹിതം- 0

നിർവഹണം - വെറ്റിനറി സർജൻ

ഈ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് 25 ഗുണഭോക്താക്കളെ കന്നുകുട്ടി പരിപാലന പദ്ധതിക്കായി ഗ്രാമസഭ മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വിഹിതമായ 312500/- രൂപ മണ്ണാർക്കാട് ജില്ലാ അസിസ്റ്റന്റ് ഡയറക്ടർ, Calf Feed Subsidy Programme ന് കൈമാറിയിട്ടുണ്ട്. ഇതു സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1) Calf Feed Subsidy Programme ന് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

2)പദ്ധതി പ്രകാരമുള്ള കാലിത്തീറ്റ വിതരണം കൃത്യമായി മോണിറ്റർ ചെയ്ത റിപ്പോർട്ട് ലഭ്യമല്ല

3)calf Feed Subsidy Programme ന് നൽകിയ തുക കൈപ്പറ്റിയതിനുള്ള രശീതി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4)കന്നുകുട്ടി പരിപാലനപദ്ധതി സംബന്ധിച്ച മാർഗരേഖ ജി.ഒ(എം.എസ്) 11/2001/ മൃഗസംരക്ഷണം തീയ്യതി 20-1-01 പ്രകാരം സബ്സിഡിയായി തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന തുകയുടെ ഭൗതികനേട്ട റിപ്പോർട്ട് പദ്ധതിയുടെ ജില്ലാ കോർഡിനേറ്റർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നൽകിയിട്ടില്ല

5)പദ്ധതിയുടെ പുരോഗതി വിവരവും കന്നുകുട്ടികളിലേതെങ്കിലും ഇക്കാലയളവിനുള്ളിൽ മരണമടയുകയോ വിൽപന നടത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുതവിവരം ലഭ്യമാക്കിയിട്ടില്ല

6) സംസ്ഥാനവിഹിതം പ്രൊജക്ടിൽ വകയിരുത്തിയിട്ടില്ല

മേൽ പറഞ്ഞ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 21/31.07.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

1-27 പദ്ധതി നിർവഹണം, രൂപീകരണം, മോണിറ്ററിംങ്ങ് - ചെലവുകൾ സുലേഖാ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

2022-23 വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി നിർവഹണം,

രൂപീകരണ ചെലവുകൾ സുലേഖാ സ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

പ്രൊജക്ട്-62/23

അടങ്കൽ-250000/-

ചെലവ് സുലേഖാ പ്രകാരം -188502/ -(തനതുഫണ്ട്)

| ചെലവ് വൗച്ചർ പ്രകാരം | | |
|---|---|---|
| ക്രമ നം. | വൗച്ചർ നം, തിയ്യതി | തുക |
| 1 | 73/18.03.23 | 45538 |
| 2 | 74/18.03.23 | 46266 |
| 3 | 80/18.03.23 | 10030 |
| 4 | 81/18.03.23 | 33630 |
| 5 | 67/27.12.22 | 85373 |
| 6 | 68/27.12.22 | 21181 |
| | ആകെ | 242018/- |

മേൽപറഞ്ഞ വൗച്ചറുകൾ പ്രകാരമുള്ള ചെലവും സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കാനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/28.07.23)മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാർത്ഥ ചെലവും ഗ്രാമപഞ്ചായത്തിലെ സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും ഏകീകൃതമാക്കേണ്ടതാണ്. എല്ലാ പദ്ധതി നിർവഹണ ചെലവുകളും സുലേഖ സോഫ്റ്റ്‌വെയറിലേക്ക് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

1-28 സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനം - 14 ാം പദ്ധതി സബ്സിഡി മാർഗ്ഗ രേഖക്കനുസൃതമല്ലാതെ തുക ചെലവഴിച്ചിരിക്കുന്നു

2022-23 വർഷം കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിൽ നിന്ന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി (പ്രോജക്റ്റ് നം.276/23) സ്റ്റുഡന്റ് കേഡറ്റ് പദ്ധതി നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തനതുഫണ്ടിൽ നിന്ന് 50000/-രൂപ തുക ഹെഡ് മാസ്റ്റർ , കാരാകുറിശ്ശി GHSന് (ബിൽ നം 58/09.11.2022) അനുവദിച്ചിട്ടുണ്ട്. (സുലേഖ പത്രികയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല). ആയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയതിൽ ജി.എച്ച്.എസ്. കാരാകുറിശ്ശി Spc യൂണിറ്റിന്റെ 2022-23 വർഷത്തെ പ്രവർത്തനങ്ങൾക്കാണ് പൂർണ്ണമായും വിനിയോഗിച്ചിരിക്കുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ(കൈ) നം.115/2022/LSGD, തിയ്യതി 28.05.2022, ഖണ്ഡിക7.4.4 പ്രകാരം സർക്കാർ എയ്ഡഡ് സ്കൂൾ , ഹയർസെക്കണ്ടറി സ്കൂളിലെ കുട്ടികൾക്ക് SPC പരിശീലനത്തിന് വേണ്ടി വരുന്ന ചെലവ് തുകയിൽ പോലീസ് വകുപ്പിൽ നിന്ന് ലഭ്യമാകുന്നത് കഴിച്ചുള്ള തുക സ്കൂൾ ഒന്നിന് 20000 രൂപയിൽ അധികരിക്കാതെ വിനിയോഗിക്കാവുന്നതാണ്. എന്നാൽ സർക്കാർ മാർഗ്ഗനിർദേശങ്ങൾക്കനുസൃതമല്ലാതെ സ്കൂൾ ഒന്നിന് 50000- ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(22/31.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമല്ലാതെ SPC നടത്തിപ്പിന് അധികം നൽകിയ തുക 30,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഏത് സാഹചര്യത്തിലാണ് സർക്കാർ ഉത്തരവിനേക്കാൾ കൂടുതൽ തുക ഒരു സ്കൂളിനായി ചെലവഴിക്കാൻ ഇടയായതെന്ന് സർക്കാരിനെ ബോധ്യപ്പെടുത്തി, ചെലവഴിച്ച നടപടി സാധൂകരിക്കുകയോ മാപ്പാക്കുകയോ ചെയ്ത് ഉത്തരവ് ഹാജരാക്കി 30,000/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

1-29 ഗാർബേജ് ആപ്പ്-ഹരിത കർമ്മസേനക്ക് സ്മാർട്ട്ഫോണും ലാപ്പ്ടോപ്പും വാങ്ങൽ-ചെലവു

രേഖകൾ ലഭ്യമാക്കിയിട്ടില്ല

പ്രൊജക്റ്റ് നം 57/23 So

അടങ്കൽ- 62000/-

ചെലവ്-14769/- തനതുഫണ്ട്
ബിൽ നം- 5083407201220013/23.11.22 , 7384/-
ബിൽ നം- 5083407201220018/19.12.22 , 7385/-

2022-23 വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയായ ഗാർബേജ് ആപ്പ്-ഹരിത കർമ്മസേനക്ക് സ്മാർട്ട്ഫോണും ലാപ്പ്ടോപ്പും വാങ്ങലും അനുബന്ധപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചെലവുരേഖകൾ ഓഡിറ്റിനു ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(17/28.07.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുരേഖകളുടെ അഭാവത്തിൽ തുക 14769/- രൂപ തടസ്സപ്പെടുത്തുന്നു.

1-30 തെരുവുവിളക്കു പരിപാലനം- ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി പുതിയ തെരുവു വിളക്ക് സ്ഥാപിക്കൽ, ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി വയ്ക്കൽ എന്നീ പ്രവൃത്തികൾ നടപ്പാക്കുന്നതിനായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, തച്ചമ്പാറ ഇലക്ട്രിക്കൽ സെക്ഷൻ, കേരള ഇലക്ട്രിക്കൽ ആന്റ് അലൈൻഡ് എൻജിനിയറിംങ് കോ-ലിമിറ്റഡ്, മലപ്പുറം എന്നീ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കൈമാറിയ തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | ബിൽ നം. , ബിൽ തിയ്യതി | ബിൽ തുക | പ്രൊജക്റ്റ് അടങ്കൽ | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|---|---|
| 1 | 66/23പുതിയ തെരുവുവിളക്കു സ്ഥാപിക്കൽ | 72/18.03.23 | 199968 | 200000 | Kerala Electricaland Allied Engineering,Malappuram |
| 2 | 297/23മുഞ്ഞകണ്ണി കോളനിയിൽ തെരുവു വിളക്കു ല്ഥാപിക്കൽ | 21/21.03.23 | 149910 | 150000 | Kerala Electricaland Allied Engineering,Malappuram |
| 3 | 245/23കിണറുംപടി ഗോതമ്പ് റോഡ് പോസ്റ്റ് മാറ്റി വയ്ക്കൽ | 72/27.12.22 | 40001 | 40500 | KSEB, THACHAMPARA |

മേൽപറഞ്ഞ നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

1)ക്രമ നം 1 പ്രകാരം ഏതൊക്കെ വാർഡുകളിലാണ് പുതിയ തെരുവു വിളക്കുകൾ സ്ഥാപിച്ചതെന്നും നൽകിയ തുകക്കുള്ള പ്രവൃത്തി പൂർത്തികരിച്ചോ എന്ന വിവരം, അതാത് വാർഡ് മെമ്പർമാർ മോണിറ്റർ ചെയ്ത വിവരം എന്നിവ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

2)ക്രമ നം 2 പ്രകാരം മുഞ്ഞ കണ്ണി കോളനിയിൽ തെരുവുവിളക്കു സ്ഥാപിക്കുന്നതിനായി കുറഞ്ഞ തുക ക്വാട്ട് ചെയ്ത Kerala Electricaland Allied Engineering, Malappuram മായി 17/02/23 തിയ്യതിയിൽ കരാർ വച്ചിട്ടുണ്ട്. 36w ന്റെ 38 Ledബൾബ് സപ്ളൈ, ഇൻസ്റ്റലേഷൻ ചെയ്തത് സംബന്ധിച്ച് 13/03/23 ലെ KEMG/24/209/1889/23 വർക്ക് ബിൽ ലഭ്യമാണ്. തെരുവുവിളക്കു സ്ഥാപിച്ചത് മോണിറ്റർ ചെയ്ത വിവരം, ആയത് വാർഡ് മെമ്പർ ഉറപ്പുവരുത്തിയ വിവരം വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല

3)ക്രമ നം 3 പ്രകാരം നാളിതുവരെയും പ്രവർത്തി പൂർത്തീകരിച്ച് കെ.എസ്.ഇ.ബി. തച്ചമ്പാറ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

മേൽപറഞ്ഞ പ്രൊജക്ടുകൾ പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകക്കുള്ള വിനിയോഗസാക്ഷ്യപത്രം അതാത് സ്ഥാപനങ്ങളിൽ നിന്ന് വാങ്ങേണ്ടതും വാർഡ് മെമ്പർമാർ ആയത് മോണിറ്റർ ചെയ്യേണ്ടതുമാണ്.

## 1-31 എം.സി.എഫി ലേക്ക് ബെയ്‌ലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ -സംബന്ധിച്ച്

പ്രോജക്ട് നം. 234/23
നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി
അടങ്കൽ - 520000 (കേന്ദ്രാവിഷ്കൃതഫണ്ട്)
ചെലവ്- 520000/- (127/23,30.03.2023)

മേൽ പ്രോജക്ട് പ്രകാരം 520000 രൂപ എം.സി.എഫ് കെട്ടിടത്തിലേക്ക് Gem മുഖാന്തിരം HAPPY HANDS GLOBAL , ALAPPUZHA യിൽ നിന്ന് ടാക്സ് ഇൻവോയ്സ് നം HHG-2022/23 , A056- 18.03.23 തിയ്യതി പ്രകാരം ഒരു ബെയ്‌ലിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനവുമായി 12-01-23 തീയതിയിൽ കരാർ ജനറേറ്റ് ചെയ്തിട്ടുണ്ട് (കരാർ നമ്പർ GEMC-511687792524323). കരാർ വ്യവസ്ഥകൾ പ്രകാരം ഇൻസ്റ്റാലേഷൻ, കമ്മീഷനിംങ്ങ് ഉൾപ്പെടെയുള്ള സർവീസുകൾക്കുള്ള ചെലവുകൾ കരാർ തുകയിൽ ഉൾപ്പെടുന്നതായി സൂചിപ്പിച്ചിട്ടുണ്ട്. മെഷീൻ ഇൻസ്റ്റാൾ ചെയ്തതിന്റെ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. വാറണ്ടി കാലാവധിക്കുള്ളിൽ മെഷീൻ സ്ഥാപിക്കാതിരുന്നാൽ വാറണ്ടിയുടെ ആനുകൂല്യം നഷ്ടമാകുന്നതാണ്. ബെയിലിംങ്ങ് മെഷീൻ സ്ഥാപിച്ചതിന്റെ വിവരം അന്വേഷിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.11/29.07.23) മറുപടിയായി ഇൻസ്റ്റാലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. യന്ത്രം പ്രവർത്തിപ്പിക്കാനുള്ള പരിശീലനം ഹരിത കർമ്മസേനക്ക് നൽകിയിട്ടില്ല. ഇൻസ്റ്റാൾ ചെയ്ത യന്ത്രം പ്രവർത്തനക്ഷമമാക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 തെരുവു വിളക്ക് അറ്റകുറ്റപണി - AMC നൽകൽ- നിർവഹണത്തിലെ അപാകതകൾ

2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ 1 മുതൽ 16 വരെയുള്ള വാർഡുകളിലെ തെരുവു വിളക്ക് റിപ്പയർ ചെയ്യുന്നതിന് എ.എം.സി വയ്ക്കുന്നതിന് താഴെ പറയുന്ന പ്രൊജക്ട് നടപ്പിലാക്കിയിട്ടുണ്ട്. 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തെരുവുവിളക്കുകളുടെ പരിപാലനം -എ.എം.സി പദ്ധതിക്ക് വികസനഫണ്ട് ജനറലിൽ നിന്ന് വകയിരുത്തുകയും പദ്ധതി നിർവഹണം നടന്നുവരുന്ന മുറക്ക് 2 ഗഡുക്കളായി തുക അനുവദിക്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആയതിൽ ഒരു ഗഡു 2021- 22 ൽ കരാർ ഏറ്റെടുത്ത സുനിൽകുമാർ.സി ഇലക്ട്രിക്കൽ കോൺട്രാക്ടർക്ക് പ്രവൃത്തി ചെയ്യുന്നതിന് തുക നൽകിയിരിക്കുന്നു. 2022-23 വർഷം ബാലൻസ് നൽകാനുള്ള തുക 125000 പ്രൊജക്ട് സ്പിൽ ഓവറായി വകയിരുത്തി താഴെ പറയുന്ന ചെലവുകൾ നടത്തിയിട്ടുണ്ട്.

പ്രോജക്ട് നം. -86/2023
അടങ്കൽ - 125000/- (ഫണ്ട്-വികസന ഫണ്ട് ജനറൽ)
ചെലവ് - 116380/ ബിൽ നം. 20/21.03.23
